**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2927 12-10-2011-ലെ മറുപടിക്ക്

**എൻഡോസൾഫാൻ നിരോധനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) എൻഡോസൾഫാൻ നിരോധനം സംസ്ഥാനത്ത് കർശനമായി നടപ്പാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | (എ) കീടനാശിനി വിൽപ്പന ഡിപ്പോകളിൽ എൻഡോസൾഫാൻ വിൽപ്പന നടത്തുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി കൃഷി ഭവനിലെ കൃഷി ഓഫീസർമാർ നിരന്തരം പരിശോധന നടത്തുന്നുണ്ട്. എൻഡോസൾഫാൻ പോലുള്ള കീടനാശിനികളുടെ ഉപയോഗം മൂലമുണ്ടായിട്ടുള്ള ആരോഗ്യ പ്രശ്നങ്ങളും മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങളും കർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിനായി ബോധവൽക്കരണ സെമിനാറുകളും ചർച്ചാക്ലാസ്സുകളും നടത്തിയിട്ടുണ്ട്. നിരോധിക്കപ്പെട്ട കീടനാശിനികളുടെ സംഭരണം, ഉപയോഗം, കള്ളക്കടത്ത് എന്നിവ തടയുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ ഉത്തരവ് നമ്പർ136/11/കൃഷി തീയതി 23.5.2011ൽ രൂപീകരിച്ച് ജില്ലാതല സ്ക്വാഡ് വഴി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന ജൈവ കാർഷികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിന് സ.ഉ.(എം.എസ്) നം.22/2011കൃഷി തീയതി, 17.1.2011ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കൃഷിവകുപ്പിലെ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ മാത്രമെ വിൽപ്പനശാലകളിൽ നിന്നും കീടനാശിനി വിതരണം നടത്താവു എന്നും ഉത്തരവ് നിഷ്ക്കർഷിക്കുന്നു. |
| (ബി) | മാരകമായ ഈ കീടനാശിനി വിൽക്കുന്ന എത്ര ഏജൻസികളെ ഇതിനകം കണ്ടെത്തിയിട്ടുണ്ട് എന്നും അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) | എൻഡോസൾഫാൻ കീടനാശിനി കേരളത്തിൽ വിൽക്കുന്ന ഏജൻസികളെ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ